ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23-03-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യൻ സംഘർഷത്തിലെ ആശങ്കകളെക്കുറിച്ച് ലോക്‌സഭയിൽ സംസാരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi spoke in the Lok Sabha about the concerns over the West Asian conflict.**

2. 2026 ലെ ധനകാര്യ ബിൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു.

   **Union Finance Minister Nirmala Sitharaman introduced the Finance Bill 2026 in the Lok Sabha.**

3. ഹോർമുസ് കടലിടുക്ക് തുറക്കാൻ ഇറാന് അനുവദിച്ച സമയപരിധി അഞ്ച് ദിവസത്തേക്ക് കൂടി നീട്ടിയതായി യുഎസ് പ്രസിഡന്റ്. യു.എസുമായി ചർച്ച നടത്താനുള്ള സാധ്യത തള്ളി ഇറാൻ.

   **US President has extended the deadline given to Iran to open the Strait of Hormuz by five more days. Iran has ruled out the possibility of holding talks with the US.**

4. രാജ്യത്ത് ഗാർഹിക, ഗതാഗത ആവശ്യങ്ങൾക്കുള്ള പ്രകൃതിവാതക വിതരണം 100 ശതമാനവും തടസ്സമില്ലാതെ തുടരുന്നുണ്ടെന്ന് കേന്ദ്ര സർക്കാർ.

The central government says that the supply of natural gas for domestic and transport purposes in the country is 100 percent uninterrupted.

5. കേരളം ഉൾപ്പെടെ നാല് സംസ്ഥാനങ്ങളിലും ഒരു കേന്ദ്ര ഭരണപ്രദേശത്തിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശപത്രിക സമർപ്പണം അവസാനിച്ചു. സൂക്ഷ്മ പരിശോധന നാളെ.

   The filing of nominations for the assembly elections in four states including Kerala and one union territory has ended. Close scrutiny tomorrow.

6. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ-മുഹമ്മദൻ എസ് സി മത്സരം.

   East Bengal-Muhammadan SC match in ISL football today.

&&&&&&&&&&&&&&&&&

**<u>PARLIAMENT – FINANCE BILL</u>**

2026 ലെ ധനകാര്യ ബില്ലിന്മേൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ബിൽ സഭയിൽ അവതരിപ്പിച്ചു. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര സർക്കാരിൻറെ ധനാഭ്യർഥനകൾ പ്രാബല്യത്തിൽ കൊണ്ടുവരികയാണ് ബില്ലിൻറെ ലക്ഷ്യം. 2026 ലെ കോർപ്പറേറ്റ് നിയമ (ഭേദഗതി) ബിൽ കൂടുതൽ പരിശോധനയ്ക്കായി സംയുക്ത പാർലമെൻററി കമ്മിറ്റിക്ക് വിട്ടു. അതേസമയം, നടപടികൾ പൂർത്തിയാക്കി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&

## LS – PM (INTRO)

പശ്ചിമേഷ്യയിൽ സംഘർഷം നിലനിൽക്കുന്നുണ്ടെങ്കിലും രാജ്യത്ത് ഇന്ധന പ്രതിസന്ധിയില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പശ്ചിമേഷ്യൻ സംഘർഷത്തെക്കുറിച്ചും വിഷയത്തിൽ ഇന്ത്യയുടെ നിലപാടിനെക്കുറിച്ചും ലോക്സഭയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് നിലവിൽ 5.3 ദശലക്ഷം മെട്രിക് ടണ്ണിലധികം പെട്രോളിയം കരുതൽ ശേഖരമുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. കൂടാതെ 6.5 ദശലക്ഷം മെട്രിക് ടൺ അധിക സംഭരണത്തിനുള്ള ക്രമീകരണങ്ങളും നടത്തിവരികയാണ്. വിവിധ രാജ്യങ്ങളിലെ വിതരണക്കാരുമായി സർക്കാർ നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും, ലഭ്യമായ സ്രോതസ്സുകളിൽ നിന്നെല്ലാം എണ്ണ, വാതക വിതരണം ഉറപ്പാക്കാനാണ് ശ്രമമെന്നും പ്രധാനമന്ത്രി പറഞ്ഞു. (വോയിസ്)

&&&&&&&&&&&&&&&&&&

## WEST ASIA UPDATE

പശ്ചിമേഷ്യയിലുടനീളമുള്ള തന്ത്രപ്രധാനമായ അടിസ്ഥാന സൗകര്യങ്ങളെ ലക്ഷ്യമിട്ട് തിരിച്ചടിക്കുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകിയതിനെ തുടർന്ന്, ഇസ്രായേൽ ഇറാനിൽ ആക്രമണ പരമ്പരകൾ നടത്തി. ഇത് ആഗോള ഊർജ്ജ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്ന തരത്തിൽ സംഘർഷം കൂടുതൽ തീവ്രമാക്കിയിരിക്കുകയാണ്. ഇറാനിയൻ മാധ്യമങ്ങൾ പറയുന്നതനുസരിച്ച് ടെഹ്റാനിലെ പല ഭാഗങ്ങളിലും സ്ഫോടനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതേസമയം, തങ്ങളുടെ വ്യോമാതിർത്തിയിലേക്ക് വന്ന മിസൈലുകളും ഡ്രോണുകളും തടഞ്ഞതായി സൗദി അറേബ്യയും യുണൈറ്റഡ് അറബ് എമിറേറ്റും സ്ഥിരീകരിച്ചു. സംഘർഷം നാലാം ആഴ്ചയിലേക്ക് കടക്കുമ്പോൾ, മേഖലയിലുടനീളം കുറഞ്ഞത് 40 എണ്ണ-വാതക കേന്ദ്രങ്ങൾക്ക് ഗുരുതരമായ നാശനഷ്ടങ്ങൾ സംഭവിച്ചതായി അന്താരാഷ്ട്ര ഊർജ്ജ ഏജൻസി മേധാവി ഫാത്തി ബിറോൾ പറഞ്ഞു.

&&&&&&&&&&&&&&&&&&

## TRUMP EXTENDS DEADLINE

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഹോർമുസ് കടലിടുക്ക് തുറക്കാൻ ഇറാന് അനുവദിച്ച സമയപരിധി അഞ്ച് ദിവസത്തേക്ക് കൂടി നീട്ടി നൽകിയതായി യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ്. ഇറാനിലെ ഊർജ നിലയങ്ങൾക്ക് നേരെ നടത്താനിരുന്ന ആക്രമണങ്ങൾ അഞ്ച് ദിവസത്തേക്ക് നിർത്തിവെക്കുമെന്നും അദ്ദേഹം പറഞ്ഞു. നേരത്തെ നിശ്ചയിച്ചിരുന്ന സമയപരിധി അവസാനിക്കാൻ മണിക്കൂറുകൾ മാത്രം ബാക്കിനിൽക്കെയാണ് ട്രംപിന്റെ പ്രഖ്യാപനം. ഇറാൻ ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ മികച്ച രീതിയിലാണ് മുന്നോട്ട് പോകുന്നതെന്നും എന്നാൽ, ആക്രമണ ഭീഷണി താൽക്കാലികമായി നിർത്തിവെച്ചിരിക്കുന്നത് നിലവിൽ നടക്കുന്ന ചർച്ചകളുടെ വിജയത്തെ ആശ്രയിച്ചിരിക്കുമെന്നും യുഎസ് പ്രസിഡന്റ് വ്യക്തമാക്കി. അതേസമയം, യുഎസുമായി ചർച്ച നടത്താനുള്ള സാധ്യത ഇറാൻ തള്ളി. നിലവിൽ ഇരുരാജ്യങ്ങളും തമ്മിൽ നേരിട്ടുള്ള ചർച്ചകളൊന്നും നടക്കുന്നില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയത്തെ ഉദ്ധരിച്ച് ഇറാൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

&&&&&&&&&&&&&&&&&&

## WEST ASIA- DAILY BRIEF

രാജ്യത്തെ എല്ലാ എണ്ണ ശുദ്ധീകരണ ശാലകളും പൂർണ ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഗാർഹിക, ഗതാഗത ആവശ്യങ്ങൾക്കുള്ള പ്രകൃതിവാതക വിതരണം 100 ശതമാനവും തടസ്സമില്ലാതെ തുടരുന്നുണ്ടെന്നും കേന്ദ്ര സർക്കാർ. പശ്ചിമേഷ്യയിലെ സംഭവവികാസങ്ങളെക്കുറിച്ച് ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ യോഗത്തിൽ സംസാരിക്കവെ പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മയാണ് ഇക്കാര്യം അറിയിച്ചത്. നിലവിൽ വാണിജ്യ

ആവശ്യങ്ങൾക്കുള്ള എൽപിജി ശേഖരത്തിന്റെ 50 ശതമാനം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ടെന്ന് അവർ പറഞ്ഞു. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാന്റീനുകൾ, തുടങ്ങിയവയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ ഗ്യാസ് നൽകും. നിലവിലെ സാഹചര്യത്തിൽ പശ്ചിമേഷ്യൻ മേഖലയിലുള്ള 22 കപ്പലുകളും 600 ഇന്ത്യൻ കപ്പൽ ജീവനക്കാരും സുരക്ഷിതരാണെന്ന് തുറമുഖ, കപ്പൽ ഗതാഗത, ജലപാത മന്ത്രാലയ സ്പെഷ്യൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ അറിയിച്ചു. സമുദ്രമേഖലയിൽ ഇതുവരെ അപകടങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയ്സ്)

&&&&&&&&&&&&&&&&&&

## JAISHANKAR – GERMANY

നിലവിലുള്ള പശ്ചിമേഷ്യൻ സംഘർഷത്തെക്കുറിച്ച് വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ, ജർമ്മൻ വിദേശകാര്യ മന്ത്രിയുമായി ടെലിഫോണിൽ സംസാരിച്ചു. വിഷയത്തിൽ ഇരുപക്ഷവും നിരന്തരം സമ്പർക്കം പുലർത്താൻ ധാരണയായതായി ശ്രീ ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## MEA- CAMBODIA

വിദേശകാര്യ സെക്രട്ടറി പി.കുമാരൻ കംബോഡിയൻ ഉപപ്രധാനമന്ത്രി പ്രാക് സോഖോണുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും കംബോഡിയയും തമ്മിലുള്ള ബഹുമുഖ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചാണ് ചർച്ച നടന്നതെന്ന് വിദേശകാര്യ മന്ത്രാലയം സമൂഹ മാധ്യമ കുറിപ്പിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

## NOMINATION FILING

കേരളം ഉൾപ്പെടെ നാല് സംസ്ഥാനങ്ങളിലും ഒരു

കേന്ദ്ര

ഭരണപ്രദേശത്തിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശപത്രിക സമർപ്പിക്കാനുള്ള സമയം അവസാനിച്ചു. വൈകിട്ട് 3 മണി വരെയാണ് പത്രിക സമർപ്പിക്കാൻ സമയം അനുവദിച്ചിരുന്നത്.

&&&&&&&&&&&&&&&&&&

## NOMINATION FILING (INTRO)

കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശപത്രികാ സമർപ്പണം അവസാനിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി...**

(വോയിസ്)

&&&&&&&&&&&&&&&&&&

## ELECTION– PIB –CEO

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ മാധ്യമപ്രവർത്തകർക്കായി തയ്യാറാക്കിയ 'വോട്ടറിവ് - കേരള നിയമസഭാ തിരഞ്ഞെടുപ്പ് നാൾവഴികൾ' കൈപുസ്തകം, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പോസിറ്റീവ് ആയ വാർത്തകൾ ജനങ്ങളിൽ എത്തിക്കാൻ മാധ്യമപ്രവർത്തകർ ശ്രദ്ധിക്കണമെന്ന് അദ്ദേഹം പറഞ്ഞു. പ്രസ് ഇൻഫർമേഷൻ ബ്യൂറോ അഡിഷണൽ

ഡയറക്ടർ ജനറൽ വി.പളനിച്ചാമി, പി ഐ ബി ഡെപ്യൂട്ടി ഡയറക്ടർ ആതിര തമ്പി എന്നിവർ സന്നിഹിതരായിരുന്നു.

&&&&&&&&&&&&&&&&&&

## I S L

ഐ.എസ്.എൽ ഫുട്ബോളിൽ ഈസ്ററ് ബംഗാൾ- മുഹമ്മദൻ എസ് സി മത്സരം ആരംഭിച്ചു. കൊൽക്കത്തയിലെ സാൾട് ലേക് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## IMD KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ ഈ മാസം 26 വരെ പകൽ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## MEA FACT CHECK – STRAIT OF HORMUZ

ചൈനീസ് കറൻസിയിൽ പണമടച്ചതിനെത്തുടർന്ന് ഇന്ത്യൻ എണ്ണക്കപ്പലിനെ ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകാൻ അനുവദിച്ചെന്ന തരത്തിൽ സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന വിവരങ്ങൾ വസ്തുതാ വിരുദ്ധമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. ഇത്തരം അടിസ്ഥാനരഹിതമായ പ്രചരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് പിഐബി പൗരന്മാർക്ക് നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## VAISHNAV- MY WAVES/AI SKILLING

സാങ്കേതികവിദ്യയുടെ ജനാധിപത്യവൽക്കരണത്തിനായുള്ള ശ്രമങ്ങൾ രാജ്യത്തെ ടെലിവിഷൻ കാഴ്ചാനുഭവത്തെ മാറ്റിമറിച്ചതായും ഉയർന്ന നിലവാരമുള്ള വിനോദപരിപാടികൾ ലഭ്യമാക്കിയതായും കേന്ദ്ര വാർത്താ വിനിമയ മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ ദേശീയ എ.ഐ സ്കില്ലിംഗ് ഇനിഷ്യേറ്റീവ് മൈ വേവ്സ്, ഇൻ-ബിൽറ്റ് ടിവി ട്യൂണർ, അഡ്വാൻസ്ഡ് ഇലക്ട്രോണിക് പ്രോഗ്രാം ഗൈഡ് എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കവെയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഒരുകാലത്ത് വലിയ സെറ്റ് ടോപ്പ് ബോക്സുകളിൽ ലഭ്യമായിരുന്ന സേവനങ്ങൾ, ഇന്ന് ഇൻ-ബിൽറ്റ് ടിവി കാർഡുകളിലൂടെ ആധുനിക ടെലിവിഷൻ സെറ്റുകളിൽ സാധ്യമായതായും മന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&